LIBRARY ARCHIVES Kerala Legislative Assembly

സാക്ഷരതാ പ്രവർത്തനത്തിനായി പ്രേരക്മാരെ സ്ഥിരപ്പെടുത്താൻ നടപടി

136 [3026] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാക്ഷരതാ പ്രവർത്തനത്തിനായി നിയമിക്കപ്പെട്ട പ്രേരക്മാരുടെ ഓണറേറിയം എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ;

(ബി) സാക്ഷരതാ പ്രേരക്മാരുടെ ജില്ല തിരിച്ചുള്ള എണ്ണം ലഭ്യമാക്കുമോ;

(സി) പ്രേരക്മാരുടെ ഓണറേറിയം വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഓണറേറിയം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) പ്രേരക്മാരെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെടുന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) വികസന വിദ്യാകേന്ദ്രം പ്രേരക്മാരുടെ ഓണറേറിയം 1200 രൂപയും അസിസ്റ്റന്റ് പ്രേരക്മാരുടെ ഓണറേറിയം 700 രൂപയും ആണ്. തുടർ വിദ്യാകേന്ദ്രം പ്രേരക്മാരുടെ ഓണറേറിയം 700 രൂപയും അസിസ്റ്റന്റ് പ്രേരക്മാരുടെ ഓണറേറിയം 500 രൂപയും ആണ്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(സി, ഡി, ഇ ആന്റ് എഫ്) പ്രേരക്മാരുടെ ഓണറേറിയം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടും സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ടും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

പ്രേരക്മാരുടെ സേവന വേതന വ്യവസ്ഥകളും മറ്റും നിശ്ചയിക്കുന്നത് ദേശീയ സാക്ഷരതാമിഷന്റെ മാനദണ്ഡങ്ങൾക്കനുസരിച്ചാണ്. ആയതിനാൽ ഇതു സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന് മാത്രമായി ഒരു തീരുമാനമെടുക്കാൻ സാധിക്കുകയില്ല.

സാക്ഷരതാ മിഷന്റെ വിദ്യാകേന്ദ്രങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സ്ഥിരം ജനകീയ കേന്ദ്രങ്ങളാക്കി മാറ്റാൻ നടപടി

137 [3027] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാക്ഷരതാനന്തര പരിപാടിയുടെയും തുടർ വിദ്യാഭ്യാസ പരിപാടിയുടെയും പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

†അനുബന്ധം VIII